തൃക്കരിപ്പൂർ മണ്ഡലത്തിലെ നബാർഡ് സഹായത്തോടെയുള്ള റോഡുകളുടെ നിർമ്മാണം

102 (2821) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ നബാർഡ് സഹായത്തോടെ നടന്നുവരുന്ന പാടിയോട്ടുചാൽ-ഓടമുട്ട്, വെള്ളോറ-കക്കറ-കടുക്കാരംമുക്ക് റോഡ് പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇവ എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കുമോ ?

നബാർഡ് സഹായത്തോടെ നടന്നുവരുന്ന പാടിയോട്ടുചാൽ-ഓടമുട്ട് റോഡിന്റെ ടാറിംഗ് പണി പൂർണ്ണമായും പൂർത്തിയായിട്ടുണ്ട്. വെള്ളോറ-കക്കറ-കടുക്കാരംമുക്ക് റോഡിന്റെ ആകെയുള്ള 11 കി.മീ. പ്രവൃത്തിയിൽ 10 കി. മീ.ന്റെ പണി പൂർത്തിയായിട്ടുണ്ട്.

അമ്പലപ്പാറ-മണ്ണൂർ റോഡ് പുനർനിർമ്മിക്കുന്നതിന് നടപടി

103 (2822) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ അമ്പലപ്പാറ-മണ്ണൂർ റോഡ് പുനർനിർമ്മിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇതിന് ഏതെങ്കിലും കരാറുകാരനെ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പേര് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ മതിപ്പുചെലവ് എത്രയാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) എത്ര ശതമാനം വർദ്ധനവിലാണ് ഈ പദ്ധതി കരാർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഈ റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. വി. പി. ശ്രീമതി എന്ന കരാറുകാരനെ ഈ പണി ഏൽപ്പിച്ചിട്ടുണ്ട്.

(സി) 99.13 ലക്ഷം രൂപ.

(ഡി) എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 26.17 % കുറച്ചാണ് ഈ പണി കരാർ ചെയ്തിട്ടുള്ളത്.

(ഇ) 30-3-2004-ൽ പണി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly